# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**MJSSA HEAD QUARTERS & CAMPSITE,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868


**Circular No.: M/C/01/2025**

**23-12-2024**

**യേശുക്രിസ്തുവിൽ സ്നേഹിക്കപ്പെടുന്ന കൂട്ടുവേലക്കാരായ പ്രിയ സഹോദരങ്ങളെ,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ ഒരു വർഷവും കൂടി നടത്തിയ നമ്മുടെ കർത്താവിനെ സ്തുതിക്കാം. മുമ്പോട്ടുള്ള പ്രവർത്തനങ്ങൾ ദൈവയിഷ്ടപ്രകാരം പൂർത്തീകരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാവായ പരി.പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടാം. നാം ഓരോരുത്തരും ഒരു വലിയ ശുശ്രൂഷയാണ് ചെയ്യുന്നത് എന്ന ബോദ്ധ്യത്തോടെ ഒരുമനപ്പെട്ട് പ്രാർത്ഥിച്ച് പ്രവർത്തിക്കാം. പരിശുദ്ധ സഭയുടെ ഒരു കുഞ്ഞുപോലും നഷ്ടപ്പെട്ടുപോകാതെ ഈ ശുശ്രൂഷയിൽ ചേർത്തു നിർത്തി സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാകാം. മുൻകാല പ്രവർത്തനങ്ങളിൽ കുറവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിച്ചു മുന്നേറാം.

പരിശുദ്ധ സഭയ്ക്കും പ്രസ്ഥാനത്തിനും തീരാനഷ്ടമായ ശ്രേഷ്ഠ ബാവായുടെ ദേഹവിയോഗത്തിൽ തീരാദുഃഖം രേഖപ്പെടുത്തുമ്പോൾ തന്നെ ശ്രേഷ്ഠ പിതാവിനെ അബ്രാഹാമ്യമടിയിൽ പാർപ്പിക്കട്ടെയെന്ന് പ്രാർത്ഥിച്ച് ശ്രേഷ്ഠ പിതാവിന്റെ സന്നിധിയിൽ അഭയയാചന നടത്താം. പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ ശ്രേഷ്ഠ പിതാവിന്റെ പ്രാർത്ഥനയും, പ്രവർത്തനവും കർത്തൃകരങ്ങളിൽ ഏൽപ്പിക്കുന്നു. ശ്രേഷ്ഠ പിതാവിന്റെ പ്രാർത്ഥന നമ്മോടൊപ്പം ഉണ്ട്.

അപ്പോൾത്തന്നെ പരിശുദ്ധ സഭയുടെ ശ്രേഷ്ഠ നിയുക്ത കാതോലിക്കയായി മലങ്കരമെത്രാപ്പോലീത്താ അഭിവന്ദ്യ പിതാവായ ഗ്രീഗോറിയോസ് ജോസഫ് മെത്രാപ്പോലീത്താ തിരുമേനിയെ പരിശുദ്ധ സിംഹാസനം കൽപിച്ചാക്കിയതിൽ പരിശുദ്ധ സിംഹാസനത്തോടുള്ള ഭയഭക്തി ബഹുമാനാദരവുകൾ തൃക്കരം ചുംബിച്ചു സമർപ്പിക്കാം. അതോടൊപ്പം നിയുക്ത കാതോലിക്കായുടെ കീഴിൽ പരിശുദ്ധ സഭയെ അഭംഗുരം മുന്നോട്ടു നയിപ്പാൻ അഭി. പിതാവിനായി പ്രാർത്ഥിക്കാം. തൃക്കരം ചുംബിച്ച് അഭിവന്ദ്യ പിതാവിന് എം.ജെ.എസ്.എസ്.എ. യുടെ സർവ്വമംഗളങ്ങളും ആശംസകളും നേരുന്നു. പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡിനോടും അവിടുന്ന് കൽപിച്ചാക്കി പ്രസ്ഥാനത്തെ നയിക്കുന്ന പ്രസിഡന്റ് അഭിവന്ദ്യ പിതാവായ ഡോ. അന്തീമോസ് മാത്യൂസ് മെത്രാപ്പോലീത്തായോടുമുള്ള ഭയഭക്തി ബഹുമാനാദരവുകൾ സമർപ്പിക്കുന്നു.

**പുതുവർഷാരാംഭവും പ്രവേശനോത്സവും**

വാർഷികപരീക്ഷ ഭംഗിയായി കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കാം. 1 മുതൽ 9 വരെ ക്ലാസ്സുകളിലെയും പ്ലസ് വണ്ണിലേയും – പ്രമോഷൻ ഹെഡ്മാസ്റ്റർമാരും, ഡിസ്ട്രിക്റ്റ് കമ്മറ്റിയും കൂടി തീരുമാനിച്ച് നൽകി, സൈറ്റിൽ എൻട്രി ചെയ്ത് 2024 ഡിസംബർ 31 ന് പൂർത്തീകരിക്കുക.

2025 ജനുവരി 5 ഞായറാഴ്ച വി. കുർബ്ബാനാനന്തരം അങ്കമാലി മേഖലയിലെ ആലുവാ ഡിസ്ട്രിക്റ്റിലെ നെടുമ്പാശ്ശേരി സെന്റ് ജോർജ് പള്ളിയിൽ വച്ചു നടത്തുന്നു. പ്രവേശനോത്സവം പ്രസിഡന്റ് അഭിവന്ദ്യ പിതാവായ ഡോ. അന്തീമോസ് മാത്യൂസ് മെത്രാപ്പോലിത്താ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യും. അന്നേദിവസം എല്ലാ സൺഡേസ്കൂളുകളിലും പ്രവേശനോത്സവം നടത്തുവാൻ ഉത്സാഹിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്തു നടത്തേണ്ടതാണ്. പുതുതായി സൺഡേസ്കൂളിൽ ചേരുന്ന നമ്മുടെ കുട്ടികളെ site ൽ ( app.mjssa.in ) എൻട്രി ചെയ്യുവാനും അവരെ ആത്മദീപം വരിക്കാരാക്കുന്നതിനും ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുക.

**സൺഡേസ്കൂൾ സ്ഥാപകദിനം**

ജനുവരി19 ഞായറാഴ്ച കൊച്ചി ഭദ്രാസനത്തിലെ തൃപ്പൂണിത്തുറ നടമ സെന്റ് മേരീസ് റോയൽ മെട്രാപ്പോലീറ്റൻ പള്ളിയിൽ വച്ച് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാവായ പരി.പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ അനുസ്മരണം നടത്തുന്നതാണ്. എല്ലാവരും പങ്കെടുത്തു വിജയിപ്പിക്കുക.

**അഖിലമലങ്കര അദ്ധ്യാപക ദിനം**

ഫെബ്രുവരി 26-ന് കേന്ദ്രഓഫീസിൽ വച്ച് അഖിലമലങ്കര അദ്ധ്യാപക ദിനം നടത്തുന്നതാണ്. പ്രോഗ്രാം നോട്ടീസ് പിന്നീട് അയക്കുന്നതാണ്.

**ബെസ്റ്റ് സൺഡേസ്കൂൾ**

2024 വർഷത്തെ ബെസ്റ്റ് സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ്, ഭദ്രാസനം വഴി പരിശോധിച്ച് ഭദ്രാസനത്തിലെ ബെസ്റ്റ് സൺഡേസ്കൂളിന്റെ വിശദവിവരങ്ങൾ (ഫസ്റ്റ് മാത്രം) 2025 – ഏപ്രിൽ 10 ന് മുമ്പ് കേന്ദ്രഓഫീസിൽ എത്തിക്കുക.

*മറുപുറം*

**അദ്ധ്യാപക സർവ്വീസ്**

പുതിയ വെബ്സൈറ്റ് ക്രമീകരിച്ചതനുസരിച്ച് എല്ലാ അദ്ധ്യാപകരുടെയും പേരും സർവ്വീസും ഹെഡ്മാസ്റ്ററുടെ അറിവോടെ സൈറ്റിൽ എൻട്രി ചെയ്യേണ്ടതാണ്. 50% ഹാജരെങ്കിലും എല്ലാ അദ്ധ്യാപകർക്കും ഉണ്ടായിരിക്കുവാൻ ഹെഡ്മാസ്റ്റർ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. വരുംവർഷങ്ങളിൽ അദ്ധ്യാപക സർവ്വീസ് സൈറ്റ് ( app.mjssa.in) വഴിയായിരിക്കും കണക്കാക്കുക.

**പെന്തിക്കൊസ്തി കാണിക്ക, ഡേ ഓഫ് ഡിവിംഗ്**

പ്രസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ പെന്തിക്കൊസ്തി കാണിക്കയും ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗും കൃത്യമായി കേന്ദ്രഓഫീസിൽ എത്തിക്കുവാൻ ഉത്തരവാദിത്വപ്പെട്ട ഭാരവാഹികൾ ശ്രദ്ധിക്കണമെ. ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗ് മഴുവനും ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

**ജെ.എസ്.വി.ബി.എസ്.**


2025 ലെ ജെ.എസ്.വി.ബി.എസ്. ചിന്താവിഷയം : **ഹബക്കൂക്ക് 3:17. "ഞാൻ കർത്താവിൽ ആനന്ദിക്കും."** എന്നുള്ളതാണ്. വിശദമായ സർക്കുലർ പിന്നാലെ അയക്കുന്നതായിരിക്കും.

**അഖിലമലങ്കര സുവിശേഷ മഹായോഗം**

മുൻപതിവുപോലെ പരി. സഭയുടെ സുവിശേഷയോഗം ഡിസംബർ 26 മുതൽ 31 വരെ നടത്തുന്നു. പ്രാർത്ഥിക്കുക, സംബന്ധിക്കുക, സഹകരിക്കുക. ഡിസംബർ 27 വെള്ളിയാഴ്ച ഉച്ചക്ക് 2 മണി മുതൽ സുവിശേഷ പന്തലിൽ നടത്തപ്പെടുന്ന സൺഡേസ്കൂൾ അദ്ധ്യാപക രക്ഷാകർതൃസമ്മേളനത്തിൽ കഴിവതും ആളുകൾ വന്ന് പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ ശ്രമിക്കുക.

സൺഡേസ്കൂൾ പ്രസ്ഥാനത്തെ ഇത്രത്തോളം കൈത്താങ്ങി സഹകരിച്ച് സഹായിച്ച പരി. സഭയിലെ അഭി. പിതാക്കന്മാരോടും ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠരോടും പരി. സഭാ ഭാരവാഹികളോടും എല്ലാ തലങ്ങളിലുമുള്ള നമ്മുടെ സഹപ്രവർത്തകരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുമ്പോൾ തന്നെ വീണ്ടും ഈ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. എല്ലാവർക്കും കർത്താവിന്റെ തിരുജനനദിനമായ ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

ക്രിസ്തുയേശുവിൽ പ്രിയ സഹപ്രവർത്തകൻ,



**ജനറൽ സെക്രട്ടറി**
**പി. വി. ഏലിയാസ്**